**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2696** **13-12-2022 - ൽ മറുപടിയ്ക്ക്**

**സമ്പദ് വ്യവസ്ഥയിൽ കോവിഡ്ഏൽപ്പിച്ച ആഘാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിൽ കോവിഡ്ഏൽപ്പിച്ച ആഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മുമ്പ് ഉണ്ടാകാത്ത തരത്തിലുള്ളതായിരുന്നു. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും മേൽ പ്രതിസന്ധി ഗ്രസിച്ചിരുന്നു. കോവിഡ്-19 പകർച്ചവ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനം പൂർണ്ണമായും നിലച്ചു. കൂടാതെ, കോവിഡ്-19 പകർച്ചവ്യാധി സമയത്ത് ഉൽപാദനം നിർത്തുന്നത് പ്രദേശാധിഷ്ഠിതം അല്ല. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യ വർദ്ധനവിൽ 2020-2021 ഒന്നാം പാദത്തിലെ മാത്രം പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയായിരുന്നു. |
| (ബി) | കോവിഡ് വിവിധ മേഖലകളെ തളർത്തിയ സാഹചര്യത്തിൽ സമ്പദ് വ്യവസ്ഥയുടെ പുനരുജ്ജീവനത്തിന് മേഖല തിരിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | സമ്പദ്ഘടനയിലെ വിവിധ മേഖലകളിൽ കോവിഡ് ഏൽപ്പിച്ച ആഘാതം വിലയിരുത്തി സർക്കാർ 26361.726 കോടി രൂപയുടെ ഒന്നാം ഉത്തേജക പാക്കേജും 20000 കോടി രൂപയുടെ രണ്ടാം ഉത്തേജക പാക്കേജും പ്രഖ്യാപിച്ചിരുന്നു. ടി പാക്കേജുകളുടെ ഫലമായി സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ആഭ്യന്തര ഉത്പന്ന വളർച്ച അതിന് ദൃഷ്ടാന്തമാണ്. |
| (സി) | കോവിഡ് പ്രതിസന്ധിയിൽ നിന്നും ഏതൊക്കെ മേഖലകൾ കരകയറി എന്നും ഏതൊക്കെ മേഖലകൾ നിലവിൽ പ്രതിസന്ധി നേരിടുന്നു എന്നും വ്യക്തമാക്കാമോ; പ്രതിസന്ധി നേരിടുന്ന | (സി) | സമ്പദ്ഘടനയിലെ വിവിധ മേഖലകളിൽ കോവിഡ് ഏൽപ്പിച്ച ആഘാതം വിലയിരുത്തി സർക്കാർ 26361.726 കോടി രൂപയുടെ ഒന്നാം ഉത്തേജക പാക്കേജും 20000 കോടി രൂപയുടെ രണ്ടാം ഉത്തേജക പാക്കേജും പ്രഖ്യാപിച്ചിരുന്നു. ടി |

| | | | |
|---|---|---|---|
| | മേഖലകൾക്ക് പ്രത്യേക കൈത്താങ്ങ് നൽകുമോ; വിശദമാക്കാമോ? | | പാക്കേജുകളുടെ ഫലമായി സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ആഭ്യന്തര ഉത്പന്ന വളർച്ച അതിന് ദൃഷ്ടാന്തമാണ്. |

സെക്ഷൻ ഓഫീസർ